# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*527 26.03.2018 ൽ മറുപടിക്ക്**

**പൊതുമരാമത്ത് കരാറുകാരുടെ കുടിശ്ശിക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | എ) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) കരാറുകാരുടെ ബിൽ കുടിശ്ശികയായത് റോഡ് നവീകരണത്തെയും അറ്റകുറ്റപ്പണികളേയും ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) കരാറുകാരുടെ ബിൽ കുടിശ്ശികയായത് റോഡ് നവീകരണത്തെയും അറ്റകുറ്റപ്പണികളെയും ബാധിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നടപ്പാക്കിയിട്ടുള്ള ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായത്തിലൂടെ, 30.09.2017 വരെയുള്ള കുടിശ്ശിക തുക കരാറുകാർക്ക് വിതരണം ചെയ്യുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. |
| സി) നിലവിൽ കരാറുകാർക്ക് എന്ത് തുകയാണ് കുടിശ്ശികയായി നൽകുവാനുള്ളതെന്ന് വ്യക്തമാക്കുമോ; | സി) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 411.37 കോടി രൂപയും, ദേശീയപാത വിഭാഗത്തിൽ 33.04 കോടി (33,04,28,213/-) രൂപയും കെട്ടിട വിഭാഗത്തിൽ 247.92 കോടി രൂപയും നിലവിൽ കരാറുകാർക്ക് കുടിശ്ശികയായി നൽകാനുണ്ട്. |
| ഡി) കരാറുകാരുടെ കുടിശ്ശിക നൽകാത്തതും റോഡ് പണിക്കുള്ള സാധനങ്ങളുടെ ദൗർലഭ്യവും റോഡ് നവീകരണത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം | ഡി) കരാറുകാരുടെ കുടിശ്ശിക നൽകാത്തത് റോഡ് നവീകരണത്തെ ദോഷകരമായി ബാധിച്ചിട്ടില്ല. എന്നാൽ, ക്വാറികളുടെ പ്രവർത്തനത്തിന് നിലവിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്, |

| | |
|---|---|
| പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | മെറ്റൽ, എംസാന്റ് തുടങ്ങി റോഡ് പണിക്കുള്ള നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യത്തിനിടയാക്കുകയും, പല നിർമ്മാണ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, കൂടുതൽ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുവാനായി തീരുമാനമെടുത്തിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് റോഡ് നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ നികുതിയിളവ് വരുത്തി ലഭ്യമാക്കുന്നതിനുള്ള അനുമതി നൽകാമെന്നും തീരുമാനമായിട്ടുണ്ട്. കൂടാതെ, മറ്റ് രാജ്യങ്ങളിൽ നിന്നും അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ചും പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ